# സർവ്വ ശിക്ഷാ അഭിയാൻ കേരളം (502)

## നിരന്തര മൂല്യനിർണ്ണയം - യൂണിറ്റ് ടെസ്റ്റ് 2011-12

## ചോദ്യ ബാങ്ക്

ക്ലാസ്സ് : V വിഷയം : മലയാളം (കേരള പാഠാവലി)

---

### മേഖല : I - പത്ര വാർത്ത

**പ്രവർത്തനം 1**

പിതാവ് നൽകിയ സ്വത്ത് മുഴുവൻ ധൂർത്തടിച്ച് വെറുംകൈയ്യോടെ തിരിച്ചു വന്ന മകനെ വില കൂടിയ ആഭരണങ്ങൾ അണിയിച്ചും കൊഴുത്ത കാളക്കുട്ടിയെ അറുത്ത് ഭക്ഷണം തയ്യാറാക്കിയും മകന്റെ തിരിച്ചു വരവ് ആഘോഷമാക്കിയ പിതാവിന്റെ ഒരുക്കങ്ങൾ പത്ര വാർത്തയുടെ രൂപത്തിൽ തയ്യാറാക്കുക.

**പ്രവർത്തനം 2**

ആറ്റിൻ വക്കത്ത് മാളിക വീട്ടിലെ ഉണ്ണിയെ ഓമനിച്ചു വളർത്തിയതാണ്. ഏഴു വയസ്സായപ്പോൾ ഉണ്ണിയെ പള്ളിക്കൂടത്തിലേയ്ക്ക് അയച്ചു. എഴുത്താണിയും കൊണ്ട് പള്ളിക്കൂടത്തിലേക്ക് പോകുന്ന ഉണ്ണിയെ കുന്നിൻ ചരിവു കയറി മറയുവോളം അമ്മ നോക്കി നിന്നതാണ്. പള്ളിക്കൂടം വിട്ട് ഉണ്ണി എത്തേണ്ട സമയമായിട്ടും കാണാതായപ്പോൾ പരിഭ്രാന്തയായ അമ്മയും നാട്ടുകാരും നാടാകെ തെരഞ്ഞു. ഉണ്ണിയെ കണ്ടെത്താനായില്ല.

**ഈ സംഭവം പത്ര വാർത്തയാക്കുക.**

**പ്രവർത്തനം 3**

"ഇന്നെനിക്ക് സന്തോഷമുള്ള ദിവസമായിരുന്നു. പുതിയ സ്കൂളിലെ കൂട്ടുകാർ എന്നെ എത്ര സന്തോഷത്തോടെയാണ് സ്വീകരിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് എന്റെ പേര് വിളിക്കുകയും 7 -ാം ക്ലാസ്സിലെ ചേട്ടൻ എനിക്ക് പൂച്ചെണ്ട് നൽകുകയും ചെയ്തു."

*ഇത് 5-ാം ക്ലാസ്സിലെ കൂട്ടുകാരന്റെ ഡയറിയുടെ ഭാഗമാണ്.* നിങ്ങളുടെ സ്കൂളിലെ പ്രവേശനോത്സവ പരിപാടികൾ എന്തൊക്കെയായിരുന്നു? ഈ വർഷം നടത്തിയ പ്രവേശനോത്സവ പരിപാടികൾ വാർത്താരൂപത്തിൽ എഴുതുക.

**പ്രവർത്തനം 4**

**സ്നേഹ സംഗമം**

പ്രിയ സുഹൃത്തേ,

സ്നേഹ ബന്ധത്തിന്റെ തീവ്രത വ്യക്തമാക്കുന്ന "സ്നേഹ സംഗമം" പരിപാടിയും കുട്ടികൾ തയ്യാറാക്കിയ 'സ്നേഹതീരം' പതിപ്പിന്റെ പ്രകാശനവും 2011 ആഗസ്റ്റ് 20 -ാം തീയതി തിരുവാംകോട് സ്കൂൾ ഹാളിൽ നടത്തുന്നു. ഈ പരിപാടിയിലേക്ക് താങ്കളുടെ മഹനീയ സാന്നിദ്ധ്യം ക്ഷണിച്ചുകൊള്ളുന്നു.

സ്ഥലം — എന്ന്

15 –08 – 2011 — കീർത്തന

സ്കൂൾ ലീഡർ

തിരുവാംകോട് ഹൈസ്കൂൾ

**2011 ആഗസ്റ്റ് 20 രാവിലെ 10.30**

ഈശ്വര പ്രാർത്ഥന

സ്വാഗതം : ശ്രീ. കുര്യൻ .പി.ജെ (ഹെഡ് മാസ്റ്റർ )

അധ്യക്ഷൻ : തങ്കച്ചൻ . സി.കെ. ( പി.ടി. എ. പ്രസിഡന്റ് )

സ്നേഹ സന്ദേശം : ജ്ഞാന പീഠപുരസ്കാര ജേതാവ്

പത്മശ്രീ. ഒ.എൻ. വി. കുറുപ്പ്

സ്നേഹതീരം പതിപ്പ് പ്രകാശനം : രജനി. ഇ.കെ (മാതൃ സംഗമംപ്രസിഡന്റ്)

നന്ദി :

ദേശീയഗാനം :

**പ്രസ്തുത പരിപാടിയുടെ പത്ര വാർത്ത തയ്യാറാക്കുക.**

**പ്രവർത്തനം 5**

ജൂൺ 19 – വായനയെ ജനകീയമാക്കിയ ശ്രീ. പി.എൻ പണിക്കരുടെ ചരമ ദിനം വായനാ ദിനമായി നിങ്ങളുടെ സ്കൂളിലും ആചരിച്ചുവല്ലോ.

നിങ്ങളുടെ സ്കൂളിൽ വായനാ ദിനത്തോടനുബന്ധിച്ച് നടത്തിയ പരിപാടിയുടെ വാർത്ത തയ്യാറാക്കുക.

## മേഖല : II കഥാരചന

**പ്രവർത്തനം: 1**

*ഇടശ്ശേരിയുടെ പൂതപ്പാട്ട് - അമ്മയ്ക്ക് കുഞ്ഞിനോടുള്ള സ്നേഹബന്ധം.*

*മുടിയനായ പുത്രൻ - മകന്റെ തെറ്റുകൾ ക്ഷമിച്ച് സ്നേഹത്തോടെ സ്വീകരിക്കുന്നപിതാവ്*

ഇവ രണ്ടും സ്നേഹത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ നൽകുന്ന കഥകളാണല്ലോ. *സ്നേഹത്തിന്റെ മഹത്വം മനസ്സിലാക്കുന്ന സംഭവങ്ങൾ നിങ്ങളുടെ ജീവിതത്തിലും ഉണ്ടായിട്ടുണ്ടാകുമല്ലോ?*

**സ്നേഹ ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്ന ഒരു കഥ തയ്യാറാക്കുക.**

പ്രവർത്തനം 2

അച്ഛാ......എന്നെ തല്ലരുതേ..........ഞാനൊരബദ്ധം ചെയ്തുപോയി....................ആ രൂപ ഞാനെടുത്തു....................എന്നെ തല്ലരുതേ...........ഇനി ഞാനങ്ങനെ ചെയ്യില്ല.........അച്ഛനാണേ സത്യം............

പൈസ എടുത്തത് എന്തിനാണെന്നറിഞ്ഞപ്പോൾ മകനെ തല്ലിയതിൽ അച്ഛന് പശ്ചാത്താപം തോന്നി.

- ◆ *എന്തിനായിരിക്കും അവൻ പണം എടുത്തത് ?*
- ◆ *എന്തുകൊണ്ടായിരിക്കും അച്ഛന് പശ്ചാത്താപം തോന്നിയത് ?*
- ◆ *ആ പണംകൊണ്ട് അവൻ ചെയ്ത പ്രവൃത്തി എന്തായിരിക്കും ?*

**കഥ പൂർത്തിയാക്കുക**

**പ്രവർത്തനം 3**

'ഈസോപ്പു കഥ'യിലെ പലവട്ടം ചാടിയിട്ടും മുന്തിരി കിട്ടാതെ വന്നപ്പോൾ മുന്തിരിക്ക് പുളിയാണെന്നു പറഞ്ഞ് വാലും ചുരുട്ടിപ്പോയ കുറുക്കന്റെ കഥ നിങ്ങൾക്ക് സുപരിചിതമാണല്ലോ?

ഈ കഥയെ നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച് മാറ്റിയെഴുതുക.

**പ്രവർത്തനം 4**

"ഇത്രയധികം സമ്പത്തുണ്ടായിട്ടും ഇവർ എന്തിനിങ്ങനെ വെയിലുകൊണ്ട് വിയർപ്പൊഴുക്കുന്നു ? ജീവിതം ആനന്ദിക്കാനുള്ളതല്ലേ?" മുടിയനായ പുത്രനിലെ പുത്രന്റെ ആത്മഗതമാണിത്. എന്നാൽ *"എല്ലു മുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം" എന്ന പഴഞ്ചൊല്ലിൽ അധ്വാനത്തിന്റെ മഹത്വമാണ് വെളിവാക്കപ്പെടുന്നത്.*

ഈ പഴഞ്ചൊല്ലിനെ അടിസ്ഥാനമാക്കി കഥ തയ്യാറാക്കുക.

**പ്രവർത്തനം 5**

"രാവിപ്പോൾ ക്ഷണമങ്ങൊടുങ്ങിടും
ഉഷസ്സെങ്ങും പ്രകാശിച്ചിടും
ദേവൻ സൂര്യനുദിക്കു
മിക്കമലവും താനേ വിടർന്നീടുമേ !

ഏവം മൊട്ടിനകത്തിരുന്നളി
മനോരാജ്യം തുടർന്നീടവേ
ദൈവത്തിൻ മനമാരുകണ്ടു !
പിഴുതാൻ ദന്തീന്ദ്രൻ അപ്പദ്മിനീം !"

(ക്ഷണം – പെട്ടെന്ന്, ഉഷസ്സ് – പ്രഭാതം, ഇക്കമലവും – ഈ താമരയും, അളി – വണ്ട്, ദന്തീന്ദ്രൻ – ആന ശ്രേഷ്ഠൻ )

*താമരയ്ക്കുള്ളിലകപ്പെട്ടുപോയ വണ്ടിനെന്തു സംഭവിച്ചു* ? കഥയാക്കി എഴുതുക.

## മേഖല : III പോസ്റ്റർ

**പ്രവർത്തനം: 1**

വായനയുടെ അത്ഭുത ലോകത്തേക്ക് പിച്ച വെയ്ക്കുന്ന ഒരനുഭവത്തിന്റെ കഥയാണല്ലോ 'രസക്കുടുക്ക.'

"വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും."

*കുഞ്ഞുണ്ണി മാഷ് വായനയുടെ പ്രാധാന്യം എത്ര മനോഹരമായി പറഞ്ഞിരിക്കുന്നു!*

വായനയുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന 3 പോസ്റ്ററുകൾ തയ്യാറാക്കുക.

**പ്രവർത്തനം: 2**

സ്കൂൾ 'സ്നേഹ സംഗമം' പരിപാടിയിൽ സ്നേഹത്തിന്റെ മഹത്വവും പ്രാധാന്യവും വ്യക്തമാക്കുന്ന പോസ്റ്ററുകൾ പ്രദർശിപ്പിക്കുവാൻ കുട്ടികൾ തീരുമാനിച്ചു.

ഇതിലേക്കാവശ്യമായ പോസ്റ്ററുകൾ തയ്യാറാക്കുക ( മൂന്ന് എണ്ണം)

**പ്രവർത്തനം: 3**

"മാനുഷ്യരെല്ലാരുമൊന്നുപോലെ" – ആ കാലഘട്ടത്തിത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന കേരളത്തിന്റെ ദേശീയോത്സവമായ ഓണം സമുചിതമായി ആഘോഷിക്കുവാൻ പാലാട്ടുകര എ.യു.പി. സ്കൂൾ തീരുമാനിച്ചു.

അന്നേ ദിവസം നടക്കുന്ന സാംസ്ക്കാരിക ഘോഷയാത്രയിൽ ഉപയോഗിക്കുന്നതിന് സാംസ്ക്കാരിക തനിമ വ്യക്തമാക്കുന്ന മൂന്ന് പോസ്റ്ററുകൾ തയ്യാറാക്കുക.

**പ്രവർത്തനം: 4**

തന്റെ വിഹിതം പിതാവിനോട് ചോദിച്ചു വാങ്ങി യാതൊരു മടിയും കൂടാതെ ധൂർത്തടിച്ച് ജീവിക്കുകയായിരുന്നു 'മുടിയനായ പുത്രൻ'. അധ്വാനിക്കാതെയും അലസമായും ജീവിച്ച്  രോഗങ്ങളെ ക്ഷണിച്ചു വരുത്തുകയാണ് ഇന്നത്തെ മനുഷ്യർ.

'അദ്ധ്വാനമാണ് സമ്പത്ത്' - എന്ന് ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ മൂന്ന് പോസ്റ്ററുകൾ തയ്യാറാക്കുക.

**പ്രവർത്തനം: 5**

വായനാവാരവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ വായനാക്കുറിപ്പുകൾ ഒരു പതിപ്പായി പ്രസിദ്ധീകരിക്കുന്നു. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിലാണ് ഈ പരിപാടികൾ സംഘടിപ്പിക്കുന്നത്.

പ്രസ്തുത പരിപാടിയുടെ പ്രചാരണത്തിനായി 3 പോസ്റ്ററുകൾ തയ്യാറാക്കുക.

## മേഖല : IV പ്രസംഗം

**പ്രവർത്തനം: 1**

“എത്ര സുന്ദരമെത്ര സുന്ദര –
മെന്റെ മലയാളം”

“മലയാളമാണെന്റെ മാതൃഭാഷ
മനതാരിലാദ്യം കുരുത്ത ഭാഷ”

മലയാള ഭാഷയുടെ പ്രാധാന്യം വിളിച്ചോതുന്ന ചില കവിതാശകലങ്ങളാണിവ. മലയാളത്തിന്റെ മഹത്വവും സൗന്ദര്യവും എത്ര തന്നെ വർണ്ണിച്ചാലും മതിവരാത്തവരാണ് നമ്മുടെ കവികൾ.

മലയാള ഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ലഘു പ്രസംഗം തയ്യാറാക്കുക.

**പ്രവർത്തനം: 2**

വായനശാലകളില്ലാതാകുന്നു. അവയെല്ലാം പുസ്തകങ്ങളുടെ തടവറകളാകുന്നു. ഗ്രാമ പ്രദേശങ്ങളിൽ പോലും വായന ശാലകളിൽ ആളില്ലാതാകുന്നു. സന്ധ്യമുതൽ സീരിയലുകളുടെ മുന്നിൽ കണ്ണീർ വാർക്കുന്ന സ്ത്രീകൾ, കംപ്യൂട്ടർ ഗെയിമും വീഡിയോ ഗെയിമുമായി സമയവും ആരോഗ്യവും കൊല്ലുന്ന കുട്ടികൾ – മലയാളിയുടെ വിനോദങ്ങൾ ഇവിടെ ഒതുങ്ങുന്നു.

ആൽത്തറയിലിരുന്ന് പത്രം വായിച്ചുകൊടുക്കുന്ന വായനക്കാരനും ചുറ്റിലുമിരിക്കുന്ന കേൾവിക്കാരും കേരള ഗ്രാമങ്ങൾക്ക് അന്യമാകുന്നു.

വായന അന്യമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനയുടെ പ്രാധാന്യത്തെക്കുറിച്ച് ഒരു ലഘു പ്രസംഗം തയ്യാറാക്കുക.

**പ്രവർത്തനം: 5**

പള്ളിക്കൂടങ്ങളിലെ മുത്രപ്പുരകൾ ശുചിത്വമില്ലായ്മയിലേക്ക് നീങ്ങുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ബഹു: കേരള ഹൈക്കോടതി പോലും ഈ അവസ്ഥ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.മൂത്രപ്പുരകളുടെ അഭാവവും ശ്രദ്ധക്കുറവും ഈ പ്രശ്നത്തിനുള്ള പ്രധാന കാരണങ്ങളാണ്. ജീവിതത്തിൽ ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് “തെളിമ ”പുസ്തകത്തിൽ പറയുന്ന കാര്യങ്ങൾ നിങ്ങളും ക്ലാസ്സ് മുറിയിൽ ചർച്ചചെയ്തിട്ടുണ്ടാകുമല്ലോ.

ഈ വിവരങ്ങൾകൂടി കണക്കിലെടുത്ത് ശുചിത്വ വിദ്യാലയം എന്ന വിഷയത്തെക്കുറിച്ച് ലഘു പ്രസംഗം തയ്യാറാക്കുക.

**പ്രവർത്തനം: 3**

വയസ്സ് 24. വിവാഹ പ്രായമെത്തിയിട്ടും മുത്ത് തൊട്ടിലിലാണ്. അന്ധയും മൂക യുമായ മകളെ ഇന്നും സ്നേഹപൂർവ്വം തൊട്ടിലാട്ടി ഉറക്കുകയാണ് ഈ അമ്മ.



ആറ്റുനോറ്റുണ്ടായ ഉണ്ണിയെ അപഹരിച്ച പൂതത്തിന്റെ കയ്യിൽ നിന്ന് ഉണ്ണിയെ കിട്ടാൻ സ്വന്തം കണ്ണുകൾ നൽകുന്ന അമ്മ. അമ്മമാർക്ക് കുഞ്ഞുങ്ങളോടുള്ള സ്നേഹം എത്ര അഭേദ്യമാണ്.

കുടുംബ ബന്ധങ്ങളും സ്നേഹവും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ സമൂഹത്തിൽ 'സ്നേഹം താൻ ശക്തി' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ലഘു പ്രസംഗം തയ്യാറാക്കുക.

**പ്രവർത്തനം: 4**

അച്ഛനേയും അമ്മയേയും വൃദ്ധസദനത്തിലും റോഡുപുറമ്പോക്കുകളിലും ഉപേക്ഷിക്കുന്ന മക്കളുടെ എണ്ണം ഇന്ന് സമൂഹത്തിൽ വർദ്ധിച്ചു വരുന്നു. അച്ഛനേയും അമ്മയേയും ഉപേക്ഷിച്ച് മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസവും ആഡംബരവും നൽകാൻ ശ്രമിക്കുന്ന യുവ തലമുറ............ എന്നാൽ എല്ലാം നശിപ്പിച്ചു തിരിച്ചു വന്ന മകനെ സന്തോഷത്തോടെ സ്വീകരിച്ച്, തനിക്കുള്ളതിൽവച്ച് നല്ലതെല്ലാം അവനു നൽകി സ്വീകരിക്കുന്ന അച്ഛനെയാണ് മുടിയാനായ പുത്രൻ എന്ന കഥയിൽ കാണുന്നത്.

സ്നേഹിച്ച് വളർത്തിയ മക്കൾ രക്ഷകർത്താക്കളെ വയസ്സാകുമ്പോൾ തള്ളിക്കളയുന്ന പ്രവണതയ്ക്കെതിരെ ലഘു പ്രസംഗം തയ്യാറാക്കുക.

## മേഖല : V ജീവചരിത്രക്കുറിപ്പ്

**പ്രവർത്തനം : 1**

വായന ഒരു യാത്രയാണ്. ഈ മഹാ പ്രപഞ്ചത്തിന്റെ വൈവിധ്യപൂർണ്ണമായ അനുഭവങ്ങളിലൂടെ സഞ്ചരിക്കുകയാണ് ഓരോ നല്ല പുസ്തകവും. വായനയെ കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ ആസ്വാദ്യകരമാക്കിയ കുട്ടികളുടെ മാമനാണ് പ്രൊഫ: എസ്. ശിവദാസ്.

ജനനം 1940 ഫെബ്രുവരി 19
കോട്ടയം - വൈക്കത്ത്

ശാസ്ത്രകഥകൾ, ലേഖനങ്ങൾ,
ബാലസാഹിത്യ കൃതികൾ

സി.എം.എസ്. കോളേജ്
അധ്യാപകൻ - ശാസ്ത്ര
സാഹിത്യ പരിഷത്ത്
കോട്ടയംജില്ലാ സ്ഥാപക
സെക്രട്ടറി

ബാല സാഹിത്യ
അവാർഡ് -
ശാസ്ത്ര സാഹിത്യ
അവാർഡ്

ഉപ്പു തൊട്ട് കർപ്പൂരം വരെ
കീയോ കിയോ
മണ്ണും മനുഷ്യനും
മാത്തൻ മണ്ണിര കേസ്
വിജയ മന്ത്രങ്ങൾ

മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ ഉൾപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക

പ്രവർത്തനം: 2

'പൊക്കമില്ലായ്മയാണെന്റെ പൊക്കം' എന്നു പാടിയ, കുട്ടികളുടെ പ്രിയങ്കരനായ കവിയായിരുന്നു കുഞ്ഞുണ്ണിമാഷ്. കുഞ്ഞുണ്ണി മാഷിന്റെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക




**പ്രവർത്തനം: 3**

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രത്തെ ചിമിഴിലൊതുക്കി അവതരിപ്പിക്കുന്ന ഒ.എൻ.വി.കുറുപ്പിന്റെ 'എന്റെ മലയാളം' എന്ന കവിത നിങ്ങൾ പരിചയപ്പെട്ടല്ലോ ! കേരളത്തിന്റെ പ്രിയങ്കരനായ ഈ കവിയെ ജ്ഞാന പീഠപുരസ്ക്കാരം നൽകി രാജ്യം ആദരിക്കുകയുണ്ടായി. അദ്ദേഹത്തിന് സ്കൂൾ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ അനുമോദനയോഗത്തിൽ വിശിഷ്ടാതിഥി നടത്തിയ പ്രസംഗത്തിലെ സൂചനകളാണ് താഴെ കൊടുത്തിരിക്കുന്നത്.

സൂചനകൾ ഉപയോഗിച്ച് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

ഒ.എൻ. കൃഷ്ണക്കുറുപ്പ്, ലക്ഷ്മിക്കുട്ടിയമ്മ → 1931 മെയ്യ് 2 കൊല്ലം - ചവറ → അധ്യാപകൻ — ഗാനരചയിതാവ് സിനിമ- നാടകം.

↓

പൊരുതുന്ന സൗന്ദര്യം - ആദ്യ കവിതാസമാഹാരം ← മൃഗയ, ഭൂമിക്കൊരു ചരമഗീതം, അക്ഷരം ശാർങ്ഗകപക്ഷികൾ, ഒരു തുള്ളി വെളിച്ചം.

↓

കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്

വയലാർ അവാർഡ്, ആശാൻ പ്രൈസ്, പത്മശ്രീ.

**പ്രവർത്തനം: 4**

ബാലസാഹിത്യ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച സിപ്പി പള്ളിപ്പുറവുമായി നടത്തിയ അഭിമുഖത്തിന്റെ ചില ഭാഗങ്ങളാണ് താഴെ തന്നിരിക്കുന്നത്. അദ്ദേഹത്തെക്കുറിച്ച് നിങ്ങൾക്ക് അറിയാവുന്ന വിവരങ്ങൾക്കൂടി ചേർത്ത് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

ചോദ്യം : താങ്കളുടെ ജന്മസ്ഥലം എവിടെയാണ്?

ഉത്തരം: 1943 മെയ്യ്18ന് എറണാകുളം ജില്ലയിൽ പള്ളിപ്പുറം

ചോദ്യം : പ്രധാന പ്രവർത്തന മേഖല ഏതായിരുന്നു ?

ഉത്തരം:ഞാൻ പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂൾ അധ്യാപകനായിരുന്നു.

ചോദ്യം : താങ്കളുടെ പ്രധാനപ്പെട്ട കൃതികളേതെല്ലാം ? ഏതു വിഭാഗത്തിൽ പെട്ട കൃതികളാണ് കൂടുതൽ ?

ഉത്തരം: ബാലസാഹിത്യകൃതികളാണധികവും, പപ്പടം പഴം പായസം, ചെണ്ട, പൂരം, അപ്പൂപ്പൻതാടിയുടെ സ്വർഗ്ഗ യാത്ര, ജന്തുസ്ഥാൻ കഥകൾ.

ചോദ്യം : താങ്കൾക്ക് ലഭിച്ചിട്ടുള്ള പുരസ്ക്കാരങ്ങൾ . ?

ഉത്തരം: ബാല സാഹിത്യത്തിനുള്ള ദേശീയ പുരസ്ക്കാരം, പ്രഥമ ഭീമാ സ്മാരക അവാർഡ്, സംസ്ഥാന ബാലസാഹിത്യ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്,1992 ൽ ഏറ്റവും നല്ല അധ്യാപകനുള്ള ദേശീയ അവാർഡും ലഭിച്ചിട്ടുണ്ട്.

**പ്രവർത്തനം: 5**

മാതൃഭാവത്തെയും ശൈശവസൗകുമാര്യത്തെയും തന്മയീഭാവത്തോടെ ചിത്രീകരിച്ചുകൊണ്ട് കാവ്യ ജീവിതം ആരംഭിച്ച ബാലാമണിയമ്മയെ മലയാളികൾ ഏറെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നുണ്ട്. മലയാളിയുടെ മഹിമ വളർത്തിയ ഈ കവി മുത്തശ്ശിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

